ഉത്തരം

(എ) ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി) സുകു, പവിത്രൻ, സുരേന്ദ്രൻ, പ്രേമൻ, പുരുഷോത്തമൻ.

(സി) സെക്ഷൻ 143,147,148, 341,302 ആർ/ ഡബ്ല്യു 149 ഐ.പി.സി. പ്രകാരമുള്ള കുറ്റങ്ങളാണ് ചെയ്തിട്ടുള്ളത്.

(ഡി) തലശ്ശേരി സെഷൻസ് കോടതിയിൽ വിചാരണയിലാണ്.

(ഇ) സാക്ഷികളാണ്.

46 (2231) ബേക്കലിലെ ആയിസുമ്മ കൊലപാതകം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ പോലീസ് സ്റ്റേഷനതിർത്തിയിലെ ആയിസുമ്മ കൊലപാതകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രതികൾ ആരൊക്കെ എന്നറിയിക്കുമോ;

(ഡി) ഇതിൽ ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ)& (ബി) ഉണ്ട്.

(സി)-(ഇ) അന്വേഷണം നടന്നുവരികയാണ്. പ്രതികളെകുറിച്ച് വ്യക്തമായ തെളിവ് ഇതുവരെ ലഭിച്ചിട്ടില്ല.

47 (2232) ചെറ്റത്തോട് ബാലകൃഷ്ണന്റെ മരണം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ പോലീസ് സ്റ്റേഷനതിർത്തിയിലെ ചെറ്റത്തോട് ബാലകൃഷ്ണന്റെ സംശയകരമായ മരണം സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് അന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണെന്നറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

48 (2233) സന്തോഷ് വർഗ്ഗീസിന്റെ മരണം

ശ്രീ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly